*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/1/HSE/2017** **5 th May 2017**

# <u>സർക്കുലർ</u>

സൂചന : 1) GO(Rt).No. 1236/17/G.EdnDated Thiruvananthapuram 03/05/2017
2) GO(Rt)No. 5693/08/Gl.Edn Dated Thiruvananthapuram 31/12/08

## ഏകജാലകപ്രവേശനം 2017 : പ്രിൻസിപ്പൽമാർക്കുള്ള നിർദേശങ്ങൾ

സൂചന 1 സർക്കാർ ഉത്തരവു പ്രകാരം 2017-2018 അധ്യയനവർഷത്തെ പ്ലസ്‌വൺ പ്രവേശനത്തിനായുള്ള പ്രോസ്പക്ടസ് അംഗീകരിക്കുകയുണ്ടായി.. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ്‌വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ , അപേക്ഷകർക്ക് തന്നെ 2017 മെയ് 8 മുതൽ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

സൂചന 2 സർക്കാർ ഉത്തരവിലൂടെ മാനേജ്മെൻറ് / കമ്മ്യൂണിറ്റി / അൺ-എയ്ഡഡ് ക്വാട്ടകളിലൂടെയുള്ള പ്ലസ്‌വൺ പ്രവേശനത്തിന് സമയക്രമം നിഷ്കർഷിച്ചിട്ടുണ്ട്. അപേക്ഷാഫീസിനത്തിൽ 25 രൂപയിൽ കൂടുതൽ വാങ്ങുവാൻ പാടുള്ളതല്ല. അപേക്ഷാഫീസിൻെറ പകുതി തുക സർക്കാർ ഖജനാവിൽ അതത് ദിവസം ഒടുക്കേണ്ടതുമാണ്. ഹയർസെക്കണ്ടറി പാഠ്യ വിഷയമുള്ള ഏതൊരു സ്കൂളിലേയും പ്ലസ്‌വൺ ക്ലാസുകൾ 2017 ജൂൺ 14 നു മാത്രമേ ആരംഭിക്കുവാൻ പാടുള്ളു. ടി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരും ഉറപ്പുവരുത്തേണ്ടതാണ്. വിരുദ്ധമായ രീതിയിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത്തരം സ്കൂൾ / പ്രിൻസിപ്പൽമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കൂളിലെ അഡ്മിഷൻ കമ്മിറ്റിയും ഹെൽപ് ഡെസ്കും പ്രോസ്പെക്ടസ്സിലെ ഖണ്ഡിക 4, 5 പ്രകാരം പ്രവർത്തിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ ഉറപ്പ് വരുത്തണം. ഹെൽപ് ഡെസ്കിന്റെ പ്രവർത്തനത്തിനായി പ്രിൻസിപ്പൽ ഒരു റോസ്റ്റർ തയ്യാറാക്കുകയും പ്രവർത്തനങ്ങളിൽ എല്ലാ അധ്യാപകരുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യണം. 2017 മെയ് 8 മുതൽ തുടങ്ങി ഓരോ ദിവസവും കുറഞ്ഞത് രണ്ട് അധ്യാപകരെങ്കിലും സ്കൂൾതല ഹെൽപ്പ് ഡെസ്കുകളിൽ സ്കൂൾ പ്രവൃത്തി സമയം മുഴുവനും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും അതത് പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തണം.

വെബ്സൈറ്റിൽ പ്രോസ്പക്ടസ് ലഭ്യമാക്കിയിട്ടുള്ളതിനാൽ വെബ്സൈറ്റിൽ നിന്നും അതാത് ജില്ലകളുടെ പ്രോസ്പക്ടസ് പ്രിൻറ് എടുത്ത് എല്ലാ സർക്കാർ / എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ നോട്ടീസ് ബോർഡിലും പ്രദർശിപ്പുക്കുവാനുള്ള നടപടികൾ പ്രിൻസിപ്പൽമാർ സ്വീകരിക്കണം. കൂടാതെ പ്രോസ്പക്ടസിൻെറ രണ്ടോ മൂന്നോ പ്രിൻറഡ് കോപ്പികൾ സ്കൂൾതല ഹെൽപ് ഡെസ്കുകളിലും ലഭ്യമാക്കണം.

സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ്/ ഇൻറർനെറ്റ് സൗകര്യവും വേണ്ടുന്ന മറ്റു മാർഗ്ഗ നിർദ്ദേശവും അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാൻ അപേക്ഷകർക്കു നൽകുവാൻ സ്കൂൾതല ഹെൽപ്പ് ഡെസ്കുകൾ കാര്യക്ഷമമാക്കുവാൻ അതതു പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അപേക്ഷാ സമർപ്പണ സമയത്ത് സംസ്ഥാനത്തിനു/ജില്ലയ്ക്കു പുറത്തുള്ളവർ **അനുബന്ധം 7** ൽ നിർദ്ദേശിച്ചിരിക്കുന്ന സ്കൂൾ പ്രിൻസിപ്പലിൻെറ പേരിൽ ഡി.ഡി ആയി അപേക്ഷാ ഫാറത്തിൻെറ നിർദ്ദിഷ്ട ഫീസ് (25/- രൂപ) ഒടുക്കി ഓൺലൈനായി അപേക്ഷ സമർപ്പിച്ച് .ജില്ലയിലെ നിർദ്ദിഷ്ട ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പളിന് വേരിഫിക്കേഷനായി തപാൽ മാർഗം അയച്ചുകൊടുക്കേണ്ടതാണ്. പ്രസ്തുത DD കൾ ജനറൽ റവന്യു ഹെഡിൽ **(0202-01-102-97-03(other receipts))**ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

ഓൺലൈനായി അപേക്ഷിച്ച ശേഷം വെരിഫിക്കേഷനായി സ്കൂളുകളിൽ അപേക്ഷയുടെ പ്രിൻറൗട്ടും സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മെയ് 22 ആണ്.. മറ്റ് തീയതികൾ പ്രോസ്പെക്ടസ്സിൽ നിർദേശിക്കും പ്രകാരമായിരിക്കും.

ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ രണ്ട് പേജുള്ള പ്രിൻറൗട്ടും അനുബന്ധരേഖകളും വെരിഫിക്കേഷനായി സമർപ്പിക്കുമ്പോൾ അപേക്ഷഫീസായ 25 രൂപ സ്വീകരിച്ച് രസീത് നൽകണം. കൂടാതെ പ്രിൻറൗട്ടിലുള്ള അക്നോളജ്മെൻറ് സ്ലിപ്പ് പ്രിൻസിപ്പൽ ഒപ്പ് വച്ച് സ്കൂൾ സീലും പതിച്ച് അപേക്ഷകന് തിരികെ നൽകണം

ഓൺലൈനായി അപേക്ഷ അന്തിമമായി സമർപ്പിച്ച ശേഷം ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ അപേക്ഷകർ കണ്ടെത്തിയാൽ പ്രസ്തുത വിവരം ഓൺലൈൻ അപേക്ഷയുടെ പ്രിൻെറാട്ടും അനുബന്ധ രേഖകളും വെരിഫിക്കേഷനായി സമർപ്പിക്കുന്ന സ്കൂൾ പ്രിൻസിപ്പാളിനെ അറിയിച്ച് തിരുത്താവുന്നതാണ്. വെരിഫിക്കേഷൻ യൂസറിന് അത്തരത്തിലുള്ള അപേക്ഷകൾ വെരിഫൈ ചെയ്യുന്ന അവസരത്തിൽ തിരുത്തൽ വരുത്തി അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ആവശ്യപ്പെടുന്ന പക്ഷം കൂടുതൽ ഓപ്ഷനുകൾ ചേർക്കാവുന്നതുമാണ്. തിരുത്തിനും / കൂട്ടിചേർക്കലിനും ഉള്ള അപേക്ഷകൾ വെള്ള പേപ്പറിൽ രക്ഷകർത്താക്കളിൽ നിന്നു വാങ്ങി ഓൺലൈൻ അപേക്ഷയോടൊപ്പം പ്രിൻസിപ്പൽമാർ സൂക്ഷിക്കേണ്ടതാണ്.

അപേക്ഷാഫാറത്തിന്റെ വിലയായ 25 രൂപ പൂർണമായും സർക്കാർ ഖജനാവിൽ അടയ്ക്കണം. അപേക്ഷ പ്രോസസ് ചെയ്യുന്നതിനും മറ്റുമുള്ള ഫണ്ട് ഡയറക്ടറേറ്റിൽ നിന്നും പ്രത്യേകമായി അനുവദിക്കും.

**പ്ലസ് വൺ പ്രവേശനയോഗ്യതയെക്കുറിച്ച് പ്രോസ്പെക്ടസിന്റെ ആദ്യ പേജിൽ തന്നെ പ്രതിപാദിക്കുന്നുണ്ട്. എസ്.എസ്.എൽ.സി-ഇതര സ്കീമുകളിൽ 2017 ൽ യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ ലഭ്യമല്ലെങ്കിൽ അപേക്ഷയോടൊപ്പം ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന മാർക്ക്ലിസ്റ്റിന്റെ പ്രിന്റൗട്ട് ഹാജരാക്കി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് ഇല്ല എന്ന കാരണത്താൽ ഈ അപേക്ഷകൾ സ്വീകരിക്കാതിരിക്കരുത്.**

സ്കൂളുകളിൽ വെരിഫിക്കേഷനായി നൽകപ്പെടുന്ന അപേക്ഷകളുടെ വിവരം സ്കൂൾ അഡ്മിൻ യൂസറിൽ ലഭ്യമായിട്ടുള്ള Application Monitoring Module കൂടി അതാതു ദിവസം തന്നെ രേഖപ്പെടുത്തുവാൻ പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2017-2018 അഡ്മിഷനുമായി ബന്ധപ്പെട്ട് അപേക്ഷഫീസ്, മറ്റ് ഫീസിനത്തിലും ലഭിക്കുന്ന തുകയുടെ ട്രഷറി ഇടപാടുകൾ, അഡ്മിൻ യൂസറിൽ ലഭ്യമായിട്ടുള്ള Treasury Transaction Module ൽ കൂടി രേഖപ്പെടുത്തുവാൻ പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ അതത് സമുദായത്തിൽപെട്ട അപേക്ഷകരിൽ നിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തേണ്ടതാണ്.. കമ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ്, സെലക്ട് ലിസ്റ്റ് എന്നിവ തയ്യാറാക്കുന്നതിന് "കമ്യൂണിറ്റി ക്വാട്ട റാങ്ക് ജനറേറ്റർ" സോഫ്റ്റ് വെയർ ഡയറക്ടറേറ്റിൽ അഡ്മിൻ യൂസറിൽ ലഭ്യമാക്കുന്നതായിരിക്കും.

അപേക്ഷകളുടെ വെരിഫിക്കേഷൻ നടത്തുന്നതിനുള്ള ലിങ്ക് ,വെരിഫിക്കേഷൻ യൂസറിൽ മെയ് 10 മുതൽ ലഭ്യമാക്കുന്നതാണ്.

പ്രവേശന സംബന്ധമായ തുടർ നിർദേശങ്ങൾക്കും ഉത്തരവുകൾക്കുമായി അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in ദിവസവും സന്ദർശിക്കേണ്ടതാണ്.

**ഡയറക്ടർ-ഇൻ-ചാർജ്**